MONDAY

21/10/2024

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Nizam S A

Editor : Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 21/10/2024

1. ചെറുധാന്യ വിഭവങ്ങൾ കൊണ്ടുള്ള ഭക്ഷണത്തിനായി റസ്റ്റാറന്റ് എന്ന ആശയത്തിൻ്റെ അടിസ്ഥാനത്തിൽ സംസ്ഥാന കൃഷി വകുപ്പ് മില്ലറ്റ് കഫേ എന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നു. എല്ലാ ജില്ലകളിലും മില്ലറ്റ് കഫേകൾ ആരംഭിക്കുന്നതിനാണ് കൃഷിവകുപ്പിൻ്റെ തീരുമാനം. മില്ലറ്റ് കഫേയുടെ ആദ്യ സംരംഭം തിരുവനന്തപുരം ഉള്ളൂരിൽ പ്രവർത്തനമാരംഭിച്ചു. ചെറുധാന്യങ്ങളുടെ വിവിധ മൂല്യവർധിത വിഭവങ്ങൾ മില്ലറ്റ് കഫേകളിൽ ലഭിക്കും. അതോടൊപ്പം കേരളഗ്രോ ബ്രാൻഡഡ് ഉൽപന്നങ്ങളും ലഭ്യമാണ്. കർഷകസംഘങ്ങൾ, എഫ്.പി.ഒകൾ, കൃഷിക്കൂട്ടങ്ങൾ, അഗ്രോ സർവിസ് സെൻ്ററുകൾ തുടങ്ങിയവരാകും കഫേകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക. കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, കേരളഗ്രോ റിട്ടെയിൽ ഔട്ട്ലെറ്റുകൾ, മില്ലറ്റ് കഫേകൾ എന്നിവ ആദ്യഘട്ടത്തിൽ ഒരെണ്ണം വീതമായിരിക്കും 14 ജില്ലകളിലായി പൂർത്തീകരിക്കുക.

2. മൃഗസംരക്ഷണ വകുപ്പിൻ്റെ കിഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 14 പശുക്കളെ ഈ മാസം 21 ന് (21/10/2024) രാവിലെ 10.30 മണിക്ക് ഫാം പരിസരത്തു വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുൻപായി പശുവിന് 2000/-രൂപ നിരതദ്രവ്യമായി ഓഫീസിൽ അടച്ചു പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. ഫിഷറീസ് വകുപ്പിന് കീഴിലെ സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്) നടപ്പിലാക്കുന്ന പലിശ രഹിത വായ്പാ പദ്ധതിയിലേക്ക് മത്സ്യത്തൊഴിലാളി വനിതകളുടെ ജോയിൻ്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് അപേക്ഷിക്കാം. മത്സ്യത്തൊഴിലാളി ഫാമിലി രജിസ്റ്ററിൽ അംഗത്വമുള്ളതും മത്സ്യകച്ചവടം, പീലിംഗ്, ഉണക്കമീൻ കച്ചവടം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ജോലികൾ ചെയ്യുന്നതുമായ അഞ്ച് പേർ അടങ്ങുന്ന ഗ്രൂപ്പുകൾക്കാണ് അവസരം. പ്രായപരിധിയില്ല. അഞ്ച് പേർ അടങ്ങുന്ന ഒരു ഗ്രൂപ്പിന് പരമാവധി 50,000 രൂപ (ഒരാൾക്ക് 10,000 രൂപ വീതം) പലിശ രഹിത വായ്പ നൽകും. കൃത്യമായി തിരിച്ചടക്കുന്നവർക്ക് തുടർ വായ്പയായി ഒരംഗത്തിന് 20000 രൂപയും ഗ്രൂപ്പിന് ഒരു ലക്ഷം രൂപയും ലഭിക്കും. ജില്ലാ സാഫ് നോഡൽ ഓഫീസ്, മത്സ്യഭവൻ ഓഫീസുകൾ, www.fisheries.kerala.gov.in, www.safkerala.org വെബ്സൈറ്റുകളിലും അപേക്ഷ ഫോറം ലഭിക്കും. ആധാർ കാർഡ്, റേഷൻ കാർഡ് മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ്ബുക്ക്, മുൻഗണന സർട്ടിഫിക്കറ്റുകൾ, വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകൾ എന്നിവയുടെ പകർപ്പ് സഹിതം ഒക്ടോബർ 31 നകം ബന്ധപ്പെട്ട മത്സ്യഭവനുകളിൽ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 7902502030.

4. 2023-24 വർഷങ്ങളിൽ റബർ കൃഷി ചെയ്തവർക്ക് ധനസഹായത്തിന് റബർ ബോർഡിൻറെ www.rubberboard.org.in എന്ന സൈറ്റിൽ നവംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം. 25 സെൻ്റ മുതൽ രണ്ടര ഏക്കർ വരെയുള്ള തോട്ടം ഉടമകൾക്ക് അർഹതയുണ്ടായിരിക്കും. അപേക്ഷയോടൊപ്പം തോട്ടത്തിന്റെ സ്വയം തയാറാക്കിയ പ്ലാൻ, ആധാർ ബന്ധിപ്പിച്ച ബാങ്ക് പാസ് ബുക്കിന്റെ അക്കൗണ്ട് നമ്പറും ഐ എ ഫ്എസ്സിയും ഉൾപ്പെട്ട കോപ്പി, ആധാർ കോപ്പി, ഉടമസ്ഥത സർട്ടി ഫിക്കറ്റ്, തൈ വാങ്ങിയ ബില്ല്, നോമിനിയുണ്ടെങ്കിൽ അതിന്റെ രേഖ എന്നിവയും സമർപ്പിക്കണം. ഒന്നാം വർഷം തൈ വില ഉൾപ്പെടെ 30,000 രൂ പയും മൂന്നാം വർഷം പതിനായിരം രൂപയും ലഭിക്കും.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

### പരിശീലന പരിപാടി

5. കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെൻററിൽ **'സസ്യ പ്രജനന രീതികൾ -ബഡ്ഡിങ്, ഗ്രാഫ്റ്റിങ്, ലെയറിങ്'** എന്ന വിഷയത്തിൽ ഒക്ടോബർ 25, 26 ദിവസങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. 1100/ രൂപയാണ് ഫീസ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ രാവിലെ 10 മുതൽ 5 വരെയുള്ള സമയങ്ങളിൽ 0487-2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

6. നെൽകൃഷിയിൽ യന്ത്രവൽകൃത നടീൽ ഒരു തൊഴിൽ സംരംഭമായി നടത്തുന്നതിന് താല്പര്യമുള്ള തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം ജില്ലകളിലുള്ള തൊഴിൽരഹിത യുവതി യുവാക്കൾക്ക് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ യന്ത്രവൽകൃത നടീലിൽ അഞ്ചുദിവസത്തെ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 8281200673 എന്ന മൊബൈൽ നമ്പറിൽ പേര്, അഡ്രസ്സ് വാട്സ് ആപ്പ് സന്ദേശമായി 23/10/2024, 5 മണിക്ക് മുമ്പായി അയച്ചുതരേണ്ടതാണ്.

7. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ മാസം 23, 24 തീയതികളിൽ **പശുവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവൃത്തി ദിവസങ്ങളിൽ 0471-2732918 എന്ന ഫോൺ നമ്പരിൽ വിളിക്കാവുന്നതാണ്.